## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.696 — 27.04.2017 ന് മറുപടിയ്ക്ക്

### ഇക്കോ ടൂറിസം

**ചോദ്യം**

ശ്രീ.അടൂർ പ്രകാശ്
ശ്രീ.കെ.സി.ജോസഫ്
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.റോജി എം.ജോൺ

**ഉത്തരം**

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി)

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസത്തിന് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് ;

(എ)കേരളത്തിൽ പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായിട്ടാണ് ഇക്കോടൂറിസം നടപ്പാക്കിവരുന്നത്. നിലവിൽ 60 കേന്ദ്രങ്ങളിൽ ഇക്കോടൂറിസം നടപ്പാക്കിവരുന്നു. സന്ദർശകർ കൂടുതലായി എത്തുന്ന സ്ഥലങ്ങൾ, പുഴകൾ, വെള്ളച്ചാട്ടങ്ങൾ, പുൽമേടുകൾ തുടങ്ങി പ്രകൃതിരമണീയമായ സ്ഥലങ്ങളിലാണ് ഇക്കോടൂറിസം നടത്തി വരുന്നത്. ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്കായി ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും, സുരക്ഷാസംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഇക്കോടൂറിസം മേഖലയിൽ പരിസ്ഥിതി വിദ്യാഭ്യാസത്തിനായി ഇന്റർപ്രെട്ടേഷൻ സെന്ററുകൾ രൂപീകരിക്കുകയും, പരിസ്ഥിതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. പരിശീലനം സിദ്ധിച്ച ഗൈഡുകളുടെ സേവനം ഈ കേന്ദ്രങ്ങളിൽ ലഭ്യമാണ്. സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലും സേഫ്റ്റി ഓഡിറ്റ് നടത്തുന്നതിനായി നാഷണൽ സേഫ്റ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓരോ ഇക്കോടൂറിസം കേന്ദ്രത്തിനും ഉൾക്കൊള്ളാൻ കഴിയുന്ന സന്ദർശകരുടെ അളവ് തിട്ടപ്പെടുത്തുന്നതിനായുള്ള പഠനം നടത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

(ബി) ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പഠനത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ആഘാതങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

(ബി) & (സി) കേരളത്തിൽ നിലവിലുള്ള 60 ഇക്കോടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതി ആഘാതം പരമാവധി ഒഴിവാക്കിയാണ് സന്ദർശന സംവിധാനം ചെയ്തിരിക്കുന്നത്. വന പരിസ്ഥിതിയ്ക്ക് ആഘാതം ഏല്പിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ